**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4830** **21.10.2011-ൽ മറുപടിക്ക്**

**മാർക്കറ്റ് [illegible]കരണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, ജോസഫ് വാഴക്കൻ<br>,, എ. റ്റി. ജോർജ്ജ്<br>,, പി.എ. മാധവൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യവിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പേയിൻ 2011 ഒക്ടോബർ 2 മുതൽ ഒരു വർഷത്തേയ്ക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനവും ഈ കാമ്പയിനിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ കാമ്പയിൻ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ആവശ്യത്തിലേയ്ക്കുള്ള തുക നടപ്പു സാമ്പത്തിക വർഷം എസ്.ഡി.ജി-യിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനും സർക്കാർ തീരുമാനമായിട്ടുണ്ട്.<br>1. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്ക്കരണത്തിന് |

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കെ... ...ളുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രാ... നടപടികൾ

2. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടി
3. പൊതു സ്ഥലങ്ങളിൽ ഇ-ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി
4. ബൃഹത്തായ Information Education and Communication (IEC) Programmes സംസ്ഥാന തലത്തിൽ
5. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് നഗരപ്രദേശങ്ങളിലേയ്ക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനുമായി നടപടി
6. ശുചിത്വമിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി.

കൂടാതെ, മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി തുകയുടെ 60% മോ പരമാവധി $7\frac{1}{2}$ ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ കാമ്പേയിന്റെ ഫണ്ടിൽ നിന്ന് നൽകി വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്താത്ത സർക്കാർ സ്കൂളുകൾ, സർക്കാർ ഹോസ്പിറ്റലുകൾ, സർക്കാർ ഹോസ്റ്റലുകൾ, പഞ്ചായത്ത് മാർക്കറ്റുകൾ, മാംസോൽപാദന വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണ

സംവിധാനം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് അടങ്കൽ തുകയുടെ 75% മോ പരമാവധി 4 ലക്ഷം രൂപയോ സംസ്ഥാന ശുചിത്വ യജ്ഞം ഫണ്ടിൽ നിന്ന് നൽകി വരുന്നു. ഇപ്രകാരം നൽകി വരുന്ന ഭാഗീക സാമ്പത്തിക സഹായം പദ്ധതി തുകയുടെ 75% മായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) പഞ്ചായത്തുകളിലെ മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി എടുക്കുമോ;

ബി) സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു

സി) ഇതിനായി നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

സി) കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സമ്പൂർണ്ണ ശുചിത്വം നേടിയ ത്രിതല പഞ്ചായത്തുകൾക്കാണ് നിലവിൽ നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്

ഡി) തീരദേശ മേഖല, കോളനി എന്നിവിടങ്ങളിൽ ശുചിത്വ പരിപാടികൾ സംഘടിപ്പിക്കുമോ ?

സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് സംഘടിപ്പിക്കുന്ന സമ്പൂർണ്ണ ശുചിത്വ കാമ്പയിനിന്റെ ഭാഗമായി തീരദേശ മേഖലാ കോളനി എന്നീ സ്ഥലങ്ങളിലും ശുചിത്വ പരിപാടികൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ